# പതിനാലാം കേരള നിയമസഭ
## പത്താം സമ്മേളനം

## നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 343
## 27.02.2018– ലെ മറുപടിക്ക്

## റവന്യൂ വരുമാനം വർദ്ധിപ്പിക്കുന്നതിന് നടപടി

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ | | ഡോ. ടി. എം. തോമസ് ഐസക്<br>ബഹു. ധനകാര്യവും കയറും വകുപ്പ് മന്ത്രി |
| (എ) | ഈ സർക്കാർ നിലവിൽ വന്നശേഷം സംസ്ഥാനത്തിന്റെ റവന്യൂ വരുമാനം വർദ്ധിപ്പിക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് അറിയിക്കുമോ; അതിലൂടെ റവന്യൂ വരുമാനത്തിൽ എന്ത് വർദ്ധനവാണ് ഉണ്ടാക്കുവാൻ കഴിഞ്ഞിട്ടുള്ളതെന്ന് വ്യക്തമാക്കുമോ; | സർക്കാരിന്റെ റവന്യൂ വരുമാനം ഉയർത്തുക എന്ന ലക്ഷ്യത്തോടെ നികുതി-നികുതിയേതര വരുമാനം വർദ്ധിപ്പിക്കുന്നതിനുള്ള നടപടികൾ സർക്കാർ കൈക്കൊണ്ട് വരികയാണ്. GST-യുടെ ഭാഗമായി ഇ-വേ ബിൽ സമ്പ്രദായം ആവിഷ്കരിച്ചിട്ടുണ്ട്. ഇത് ഫലപ്രദമായി നടപ്പാക്കുന്നത് വഴി GST-യിൽ നിന്നുള്ള വരുമാനം വർദ്ധിക്കുമെന്ന് പ്രതീക്ഷിക്കുന്നു.<br>എക്സൈസ്, രജിസ്ട്രേഷൻ സ്റ്റാമ്പ് ഡ്യൂട്ടി, മോട്ടോർ വാഹന നികുതി തുടങ്ങിയ ഇനങ്ങളിൽ പരിഷ്കാരങ്ങൾ ഏർപ്പെടുത്തികൊണ്ട് നികുതി വർദ്ധിപ്പിക്കുന്നതിനാണ് സർക്കാർ ഉദ്ദേശിക്കുന്നത്. നിലവിലുള്ള നികുതി സമാഹരണ സംവിധാനത്തിന്റെ കാര്യക്ഷമത വർദ്ധിപ്പിക്കുക എന്ന ഉദ്ദേശത്തോട് കൂടി സർക്കാരിലേയ്ക്കുള്ള പണമൊടുക്കലും, സർക്കാരിൽ നിന്നുള്ള പണവിതരണവും ഓൺലൈനായി നിർവ്വഹിക്കുന്നതിനുള്ള ഇ-ട്രഷറി സംവിധാനം നടപ്പിലാക്കി കഴിഞ്ഞു.<br>സർക്കാരിന് കൂടുതൽ വരുമാനം എത്തിക്കുന്ന പ്രധാന വകുപ്പുകളുടെ വരുമാനം പ്രതിമാസാടിസ്ഥാനത്തിൽ പരിശോധിക്കുകയും വരുമാനം വർദ്ധിപ്പിക്കുന്നതിനാവശ്യമായ നിർദ്ദേശങ്ങൾ നൽകി വരുകയും ചെയ്യുന്നു.<br>2015-16 സാമ്പത്തിക വർഷത്തെ അപേക്ഷിച്ച് 2016-17 സാമ്പത്തിക വർഷത്തിൽ 9.53% അധിക വരുമാനം ലഭിച്ചിട്ടുണ്ട്. |

| | | |
|---|---|---|
| (ബി) | അനാവശ്യ ചെലവുകൾ ഒഴിവാക്കുന്നതിന് ഈ സർക്കാർ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ്; അത് വിജയപ്രദമാണോ യെന്ന് വിലയിരുത്തിയിട്ടുണ്ടോ; | നിലവിലുള്ള ധനവിനിമയ ഉത്തരവുകൾ കർശനമായി പാലിച്ചുകൊണ്ടും ധൂർത്ത് ഒഴിവാക്കിയും നിരീക്ഷണ സംവിധാനം ശക്തിപ്പെടുത്തിയും അനാവശ്യ ചെലവുകൾ വലിയ ഒരളവ് വരെ നിയന്ത്രിക്കുന്നതിന് സർക്കാരിന് കഴിഞ്ഞിട്ടുണ്ട്. |
| (സി) | സാമ്പത്തികമായി ബുദ്ധിമുട്ടുന്ന അവസരത്തിൽ രാഷ്ട്രീയ പാർട്ടി നേതാക്കളുടെ പേരിൽ സ്മാരകങ്ങൾ നിർമ്മിക്കുന്നതിനും മ്യൂസിയം നിർമ്മിക്കുന്നതിനും സ്റ്റഡി സെന്ററുകൾ സ്ഥാപിക്കുന്നതിനും ഖജനാവിൽ നിന്നും പണം വിനിയോഗിക്കുന്നത് ഒഴിവാക്കുമോ; | ഒരു നാടിനും അതിന്റെ ചരിത്രം വിസ്മരിച്ചുകൊണ്ടോ തിരസ്കരിച്ചുകൊണ്ടോ മുന്നേറാനാകില്ല. നമ്മുടെ നാട് ഇന്നത്തെ നിലയിലെത്തിയ വഴികൾ പുതുതലമുറയെ ഓർമ്മിപ്പിക്കുകയും പഠിപ്പിക്കുകയും ചെയ്യേണ്ടതിന്റെ പ്രാധാന്യം വർത്തമാനകാല സ്ഥിതി വിശേഷങ്ങൾ അടിവരയിടുന്നുണ്ട്. ഈ ചരിത്രത്തിന്റെ പ്രതീകങ്ങൾ ആവിഷ്കരിച്ച് അവതരിപ്പിക്കുന്നതിനും പഠനകേന്ദ്രങ്ങൾ സ്ഥാപിക്കുന്നതിനുമുള്ള ചെലവ് അനാവശ്യച്ചെലവല്ല, അനിവാര്യച്ചെലവാണ്. |
| (ഡി) | അക്കൗണ്ടന്റ് ജനറൽ ഓഫീസ്, ധനവകുപ്പ്, ട്രഷറി എന്നിവിടങ്ങളിൽ സൂക്ഷിച്ചിട്ടുള്ള വിവിധ ഡാറ്റാ ബേസുകളെ സംയോജിപ്പിച്ചുകൊണ്ട് ഫിനാൻഷ്യൽ മാനേജ്മെന്റ് സിസ്റ്റവും ഇന്റലിജന്റ് ഫോർകാസ്റ്റിംഗ് ഉപാധികൾ ഉൾപ്പെടുന്ന ലിക്വിഡിറ്റി മാനേജ്മെന്റ് സിസ്റ്റവും തയ്യാറാക്കിയിട്ടുണ്ടോ? | അക്കൗണ്ടന്റ് ജനറൽ ആഫീസ്, ധനവകുപ്പ്, ട്രഷറി എന്നിവടങ്ങളിൽ സൂക്ഷിച്ചിട്ടുള്ള വിവിധ ഡാറ്റാബേസുകളെ സംയോജിപ്പിച്ച് കൊണ്ട് ഫിനാൻഷ്യൽ മാനേജ്മെന്റ് സിസ്റ്റം നടപ്പിലാക്കിയിട്ടുണ്ട്. എന്നാൽ ഇന്റലിജന്റ് ഫോർകാസ്റ്റിംഗ് ഉപാധികൾ ഉൾപ്പെടുന്ന ലിക്വിഡിറ്റി മാനേജ്മെന്റ് സിസ്റ്റം നടപ്പിൽ വരുത്തുന്നതിന് വേണ്ട സോഫ്റ്റ്വെയർ ഡവലപ്പ്മെന്റ് നടപടികൾ പുരോഗമിക്കുന്നു. |

**അക്കൗണ്ട്സ് ഓഫീസർ**